അന്വേഷിച്ചുവരുകയാണ്. ഇടിച്ച വാഹനത്തെയോ ഓടിച്ച ഡ്രൈവറെയോ കണ്ടെത്താൻ സാധിക്കാത്തതിനാൽ ഈ കേസ്സിലുള്ള അന്വേഷണം ഇരിട്ടി പോലീസ് സബ് ഇൻസ്പെക്ടർ ഏറ്റെടുത്തു. സംഭവസ്ഥലത്തിന് സമീപമുള്ള 300 വാഹനങ്ങൾ പരിശോധിക്കുകയും 70-ഓളം ആളുകളുടെ മൊഴി രേഖപ്പെടുത്തുകയും മൊബൈൽ ഫോൺ ടവർ കേന്ദ്രീകരിച്ച് 30-ഓളം മോട്ടോർ വർക്ഷോപ്പുമായി ബന്ധപ്പെടുകയും ചെയ്തു. സംഭവത്തിനുശേഷം ഇടിച്ച വാഹനം വിൽക്കാനോ കൈമാറ്റം ചെയ്യാനോ സാധ്യതയുണ്ടെന്ന അറിവിന്മേൽ പ്രദേശത്തുള്ള വാഹന ബ്രോക്കർമാരെ കണ്ട് ചോദിച്ചും വാഹന അപകടം ഉണ്ടായതിനുശേഷം നിർത്താതെ പോയി പിന്നീട് കണ്ടെത്തിയ വാഹനങ്ങളെ ക്രമീകരിച്ചുമുള്ള അന്വേഷണം സത്വരമായി നടത്തി വരുന്നു. ഇരിട്ടി ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിലുള്ള സ്പെഷ്യൽ ടീമിനെ വച്ച് ഈ കേസ് അന്വേഷിക്കുന്നതാണ്.

(20) പട്ടികജാതി യുവാക്കൾക്ക് പോലീസ് മർദ്ദനം

ശ്രീ. എം. ചന്ദ്രൻ: സർ, ആലത്തൂർ മണ്ഡലത്തിൽ കഴിഞ്ഞ 13-ാം തീയതി ശിവദാസന്റെ മകൻ വിപിൻ ദാസ്, രാമകൃഷ്ണന്റെ മകൻ രഞ്ജിത്ത്, മോഹനന്റെ മകൻ യദുകൃഷ്ണൻ, ഉണ്ണികൃഷ്ണന്റെ മകൻ മനു എന്നീ നാല് പട്ടികജാതി യുവാക്കളെ മംഗലം ഡാം പോലീസ് ഒരു പരാതിയുമില്ലാതെ കസ്റ്റഡിയിലെടുത്ത് ക്രൂരമായി മർദ്ദിക്കുകയുണ്ടായി. എസ്.ഐ. മോഹനനും ഗ്രേഡ് എസ്.ഐ.-യും ചേർന്നാണ് മർദ്ദനത്തിന് നേതൃത്വം നൽകിയത്. മർദ്ദനത്തിൽ പരിക്കേറ്റ യുവാക്കൾ നെന്മാറ ആശുപത്രിയിൽ ചികിത്സയിലാണ്. 12-ാം തീയതി മംഗലം ഡാം കതിർ ഉത്സവമായിരുന്നു. അന്ന് ലൂർദ് മാതാ സ്കൂളിലെ പൈപ്പുകളും പൂച്ചെട്ടികളും സാമൂഹ്യവിരുദ്ധർ തല്ലിതകർത്തിരുന്നു. ഇതിന്റെ പേരിലാണ് നാല് യുവാക്കളെ കസ്റ്റഡിയിലെടുത്തത്. നഷ്ടപരിഹാരമെന്ന നിലയിൽ 8000 രൂപ നൽകാൻ പോലീസ് ആവശ്യപ്പെട്ടിരുന്നു. നാലുപേരുടെയും കൈവശമുണ്ടായിരുന്ന 4750 രൂപ പോലീസ് പിടിച്ചുവാങ്ങി. പിന്നീട് ഇവർ കുറ്റക്കാരല്ലെന്ന് കണ്ട് പോലീസ് വിട്ടയച്ചുവെങ്കിലും തുക തിരികെ നൽകിയില്ല. ഒരു കാരണവുമില്ലാതെ നാല് പട്ടികജാതി യുവാക്കളെ കസ്റ്റഡിയിലെടുത്ത് ക്രൂരമായി മർദ്ദിക്കുകയും 4750 രൂപ പിടിച്ചുവാങ്ങുകയും ചെയ്ത എസ്.ഐ., ഗ്രേഡ് എസ്.ഐ. എന്നിവരുടെ പേരിൽ കേസ്സെടുത്ത് അന്വേഷണം നടത്തി ശിക്ഷ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. ഇക്കാര്യത്തിൽ ഇന്ന് പട്ടികജാതി ക്ഷേമ സമിതിയുടെ നേതൃത്വത്തിൽ മംഗലം ഡാം പോലീസ് സ്റ്റേഷനിലേക്ക് പട്ടികജാതിവിഭാഗത്തിൽപ്പെട്ടവർ മാർച്ച് നടത്തുകയാണ്. പ്രസ്തുത സംഭവം അടിയന്തരമായി അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ. പാലക്കാട് മംഗലം ഡാം പോലീസ് സ്റ്റേഷൻ പരിധിയിലെ ലൂർദ് മാതാ ഹൈസ്കൂളിൽ 12-12-2014-ന് 10.10-മണിയോടുകൂടി ആ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളായ അജിത്, മനു, വിപിൻദാസ്, അവരുടെ സുഹൃത്തായ യദുകൃഷ്ണൻ എന്നിവർ ആക്രമിച്ച് കയറി 12 പൂച്ചട്ടികളും 19 പ്ലാസ്റ്റിക് ടാപ്പുകളും അടിച്ച് നശിപ്പിച്ചു. ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് മംഗലം ഡാം പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയെ സംബന്ധിച്ച് 13-12-2014-ന് സ്കൂൾ അധികൃതരെയും അക്രമം നടത്തിയവരെയും അവരുടെ രക്ഷിതാക്കളെയും പോലീസ് സ്റ്റേഷനിൽ വിളിച്ചുവരുത്തി സംസാരിച്ച ധാരണയുടെ അടിസ്ഥാനത്തിൽ കേടുവരുത്തിയ സാധനങ്ങൾ വാങ്ങിക്കൊടുക്കുകയോ പുനഃസ്ഥാപിച്ചുകൊടുക്കുകയോ ചെയ്യാമെന്ന് സമ്മതിക്കുകയും ഇതിനായി 8000 രൂപ നൽകാമെന്ന് സമ്മതിച്ച് പരാതി രമ്യമായി പരിഹരിക്കുകയും ചെയ്തു. ഇതിലേക്ക് 4500 രൂപ വിലയുള്ള പൈപ്പ് വാങ്ങി നൽകുകയും ബാക്കിയുള്ള തുക 14-12-2014-ന് നൽകാമെന്ന് സമ്മതിക്കുകയും ചെയ്തിരുന്നു. സ്കൂളിൽ അതിക്രമം കാണിച്ച നാലുപേരും പോലീസ് മർദ്ദിച്ചുവെന്ന് ആരോപിച്ച് 14-12-2014-ന് നെന്മാറ ഗവൺമെന്റ് ആശുപത്രിയിൽ അഡ്മിറ്റായി. 15-12-2014-ന് നെന്മാറ പോലീസ് ഇൻസ്പെക്ടർ ആശുപത്രിയിലെത്തി വിപിൻദാസിന്റെ മൊഴി രേഖപ്പെടുത്തിയതിനാൽ വിപിൻദാസിനെയും മറ്റ് മൂന്നുപേരെയും മംഗലം ഡാം പോലീസ് സ്റ്റേഷനിലെ ശ്രീ. സണ്ണി ജോസഫും മറ്റുള്ളവരും ദേഹോപദ്രവം ഏൽപ്പിച്ചെന്നും കുറ്റം സമ്മതിപ്പിച്ച് നഷ്ടപരിഹാരമായി 4750 രൂപ കൊടുപ്പിച്ചുവെന്നും പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് എസ്. ഐ. ശ്രീ. സണ്ണി ജോസഫിനെ പ്രതിചേർത്ത് IPC 341, 323, 294(b) എന്നീ വകുപ്പുപ്രകാരം ക്രൈം 784/14 ആയി കേസ് രജിസ്റ്റർ ചെയ്തു. ഈ കേസിന്റെ അന്വേഷണം വടക്കാഞ്ചേരി പോലീസ് ഇൻസ്പെക്ടർ നടത്തിവരുന്നു. അന്വേഷണത്തിൽ സ്വാധീനം ചെലുത്താതിരിക്കുന്നതിന് സണ്ണി ജോസഫിനെ ആലത്തൂർ ഡിവൈ.എസ്.പി. ഓഫീസിലേക്ക് മാറ്റി നിർത്തിയിട്ടുള്ളതുമാണ്. ഇതുമായി ബന്ധപ്പെട്ട് ഡോക്ടറുടെ മൊഴിയിൽ, ചികിത്സയിലുള്ളവർക്ക് പരുക്കില്ലെന്ന് വെളിവായിട്ടുണ്ട്. സ്കൂൾ ഹെഡ്മിസ്ട്രസ് നൽകിയ പരാതിയിന്മേലുള്ള ഒത്തുതീർപ്പ് വ്യവസ്ഥ പ്രകാരമുള്ള ബാക്കി തുക നൽകിയില്ലെന്നുപറഞ്ഞ് സ്കൂൾ ഹെഡ്മിസ്ട്രസ് മംഗലം ഡാം പോലീസ് സ്റ്റേഷനിൽ വീണ്ടും പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ സ്കൂളിൽ അക്രമം കാണിച്ച [illegible] പേരെയും പ്രതികളാക്കി IPC 447, 427, 34 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 785/2014 ആയി കേസ് രജിസ്റ്റർ ചെയ്ത് വടക്കാഞ്ചേരി പോലീസ് ഇൻസ്പെക്ടർ അന്വേഷണം നടത്തി

വരുന്നു. പ്രതികൾ നാലുപേരും ആശുപത്രിയിൽ ചികിത്സയിലാണ്. അവരെ അറസ്റ്റ് ചെയ്തിട്ടില്ല. മനു, രഞ്ജിത്ത്, വിപിൻദാസ് എന്നിവർ മുമ്പ് സ്കൂളിൽ പഠിച്ചിരുന്ന സമയത്ത്, ക്ലാസ്സിൽ സംസാരിച്ചതിനും മറ്റ് സഹപാഠികൾക്ക് ശല്യമുണ്ടാക്കിയതിനും ക്ലാസിനുപുറത്ത് നിർത്തിയതിന്റെ വിരോധത്തിലാണ് മൂന്നുപേരും യദുകൃഷ്ണനുമായി ചേർന്ന് അക്രമം നടത്തിയതെന്നാണ് ഹെഡ്മിസ്ട്രസിന്റെ പരാതി. എസ്.സി./എസ്.ടി. (പി. എ.) ആക്ട് (Scheduled Castes and Scheduled Tribes (Prevention of Atrocities) Act) ചേർത്തിട്ടില്ല. കാരണം മൊഴിയിൽ എസ്.സി./എസ്.ടി. (പി. എ.) ആക്ട് ചേർക്കുന്നതിനുള്ള പരാമർശം ഉണ്ടായിരുന്നില്ല.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

(21) അനധികൃത ചിട്ടികളുടെ പ്രവർത്തനങ്ങൾ

ശ്രീ. അൻവർ സാദത്ത്: സർ, സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കുറി/ചിട്ടി കമ്പനികളെ നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ചാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. എന്റെ മണ്ഡലമായ ആലുവയിൽ ചെങ്ങമനാട് പഞ്ചായത്തിൽ ദേശംകുന്നുംപുറത്ത് പ്രവർത്തിച്ചുവന്നിരുന്ന Desom Kuries and Investments എന്ന സ്ഥാപനത്തിന്റെ ഉടമസ്ഥനായ സുനിൽ ദേവസ്സിയും അദ്ദേഹത്തിന്റെ കുടുംബവും നിക്ഷേപകരെ കബളിപ്പിച്ചുകൊണ്ട് ആ പ്രദേശത്തുനിന്നും മുങ്ങിയിരിക്കുന്ന ഒരു സാഹചര്യമാണ് എന്റെ നാട്ടിലുണ്ടായിരിക്കുന്നത്. ഇവർ കോടിക്കണക്കിന് രൂപയാണ് നിക്ഷേപകരെ വഞ്ചിച്ചുകൊണ്ട് പോയിരിക്കുന്നത്. ഏകദേശം അഞ്ഞൂറോളം ആളുകളാണ് ഈ ചിട്ടി കമ്പനിമൂലം വഞ്ചിതരായിരിക്കുന്നത്. ഇവരെ അടിയന്തരമായി അറസ്റ്റ് ചെയ്ത് നിക്ഷേപകരുടെ പണം തിരികെ നൽകാനാവശ്യമായ നടപടികൾ സ്വീകരിക്കണം. കേരളത്തിൽ അനധികൃതമായി ഇതുപോലെ ചിട്ടി/കുറി സ്ഥാപനങ്ങൾ നടത്തുന്ന കാര്യം പല അംഗങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ചിട്ടി ആക്ടിന് വിരുദ്ധമായി ജനങ്ങളെ കബളിപ്പിച്ച് പണം തട്ടുവാൻ വേണ്ടി അനധികൃതമായി നടത്തുന്ന കുറി/ചിട്ടി കമ്പനികളെ നിയന്ത്രിക്കാനാവശ്യമായ അടിയന്തര നടപടി സർക്കാർ സ്വീകരിക്കണം. ഈ കേസ് ഡിവൈ.എസ്.പി. റാങ്കിലുള്ള ഉന്നത ഉദ്യോഗസ്ഥരടങ്ങിയ ഒരു സ്പെഷ്യൽ ടീമിനെവച്ച് അന്വേഷിപ്പിക്കാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly